# Athmaraksha.org

യേശു നാമത്തിന്റെ ശക്തി - ഫാ.സേവ്യർ ഖാൻ വട്ടായിൽ

## പ്രാർത്ഥന




### പ്രാർത്ഥന-1

കർത്താവായ യേശുവേ, ഞാനിതാ രക്ഷയ്ക്കുവേണ്ടി നിലവിളിക്കുന്നു! വേഗംവരണമേ! അഗാധത്തിലേക്ക് മുങ്ങിത്താഴുന്ന എന്നെയും എന്റെ കുടുംബത്തെയും, യേശുവേ കൈപിടിച്ചുയർത്തി രക്ഷയുടെ പാറയിൽ ഉറപ്പിച്ചു നിർത്തേണമേ. പാപത്തിൽനിന്നും, കടബാധ്യതയിൽ നിന്നും, കുടുംബ തകർച്ചയിൽനിന്നും, ഭക്തിരാഹിത്യത്തിൽനിന്നും, അവിശ്വാസത്തിൽനിന്നും, സാത്താന്റെ പീഢകളിൽനിന്നും എന്നെ രക്ഷിക്കണമേ!. യേശുവേ...യേശുവേ...യേശുവേ... (കുറച്ചുനേരം കൈകൾ ഉയർത്തി സ്തുതിക്കുന്നു.)

### പ്രാർത്ഥന-2

കർത്താവായ യേശുവേ, അങ്ങയെ എന്റെ ജീവിതത്തിൽ രക്ഷിതാവും കർത്താവുമായി ഞാൻ ആരാധിക്കുന്നു. ദാവിദിന്റെ വംശജനും മരിച്ചവരിൽനിന്നും ഉയിർത്തവനുമായ യേശുവേ, അങ്ങയുടെ നാമത്തിന്റെ അത്ഭുതശക്തി എന്റെമേൽ നിറയട്ടെ!. എന്റെ നിറുക മുതൽ ഉള്ളംകാൽ വരെ ഓരോ കോശങ്ങളിലേക്കും യേശുനാമം വ്യാപരിക്കട്ടെ!. യേശു എന്ന നാമം ഒരഗ്നിയായി എന്നിൽ കത്തട്ടെ!. യേശുനാമത്തിന്റെ ശക്തി എന്നിൽനിന്നും സദാ പ്രവഹിച്ചുകൊണ്ടിരിക്കട്ടെ! (ആവർത്തിച്ചാവർത്തിച്ച് യേശുനാമം വിളിച്ചു സ്തുതിക്കുന്നു).

### പ്രാർത്ഥന-3

കർത്താവായ യേശുവേ, സേവ്യർ ഖാൻ വട്ടായിലച്ചൻ എഴുതിയ 'യേശു നാമത്തിന്റെ ശക്തി' എന്ന പുസ്തകം വായിക്കുന്നവരേയും ഇതു വിതരണം ചെയ്യുന്നവരേയും അവിടുന്നു സ്പർശിക്കണമേ!. ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ യേശുവിന്റെ നാമത്തിൽ രോഗങ്ങൾ വിട്ടുമാറട്ടെ!. പൈശാചിക പീഢകൾ വിട്ടുപോകട്ടെ!. അന്ധകാരത്തിന്റെ മൂടുപടം മനസ്സിൽനിന്നും ബുദ്ധിയിൽനിന്നും ഛിന്നഭിന്നമാകട്ടെ!. യേശുനാമത്തിന്റെ അഭിഷേകം ഓരോരുത്തരിലേക്കും നിറയപ്പെടട്ടെ!. യേശുവേ സ്തോത്രം...യേശുവേ നന്ദി (കുറച്ചുനേരം സ്തുതിക്കുന്നു.)

+++